"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. മലയാളം ശ്രീ.ജയശങ്കർ ജി. സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1585/2026/GEDN തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-
1. ശ്രീ.ജയശങ്കർ ജി. സമർപ്പിച്ച 20/08/2025-ലെ ഹർജി.
2. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/10/2025-ലെ DEOATL/1897/2025-B2 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/10/2025-ലെ ഇടി5/19676/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. മലയാളം ശ്രീ.ജയശങ്കർ ജി. സമർപ്പിച്ച ഹർജിയിന്മേൽ 18/10/2025 തീയതിയിൽ വാദം കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരനായ ശ്രീ.ജയശങ്കർ ജി.യുടെ വാദം താഴെ പറയുന്ന പ്രകാരമായിരുന്നു.**

"ഞാൻ 01/06/2009 മുതൽ കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്. ൽ യു.പി.എസ്.റ്റി. ആയി സ്ഥിരനിയമനം ലഭിച്ച അദ്ധ്യാപകനാണ്. 31/07/2013-ൽ സ്കൂൾ മാനേജർ എനിക്ക് എച്ച്.എസ്.റ്റി. മലയാളം തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചു. 31/07/2013-ൽ ശ്രീ.വിജയകുമാരൻ നായർ (എച്ച്.എസ്.റ്റി. മലയാളം) വിരമിച്ച ഒഴിവിലേക്കാണ് പ്രൊപ്പോസൽ സമർപ്പിച്ചത്. 2012 മുതലുള്ള തസ്തിക നിർണയം വന്നത് 2016-ലാണ്. അപ്പോഴും എന്റെ എച്ച്.എസ്.റ്റി. മലയാളം തസ്തിക ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ചു കിട്ടിയില്ല. 15/07/2016 ലെ തസ്തിക നിർണ്ണയം വന്നപ്പോൾ 31/07/2013-ലെ എന്റെ എച്ച്.എസ്.റ്റി. തസ്തിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ് പ്രകാരം (ഉത്തരവ് നമ്പർ ബി4/24146/2016 തീയതി 11/07/2017) ശ്രീ.കെ.എസ്.വിജയകുമാരൻ നായരുടെ ഒഴിവ് സ്ഥാപിതമാണെങ്കിൽ ശ്രീ.ജയശങ്കറിന്റെ എച്ച്.എസ്.ടി മലയാളം നിയമനം പ്രസ്തുത ഒഴിവിൽ മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ അംഗീകരിച്ചു നൽകാവുന്നതാണെന്ന് പറയുന്നുണ്ട്.

മേൽ പ്രസ്താവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31/07/2013 മുതലുള്ള എന്റെ എച്ച്.എസ്.റ്റി. തസ്തിക ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയത് 26/06/2019-

ലാണ് (ORDER NO.B2/105/2019/D.Dist dated 26/06/2019). തുടർന്ന് തസ്തികയില്ലാത്തതിനാൽ എച്ച്.എസ്.റ്റി. ആയി നിലനിർത്തികൊണ്ട് മലപ്പുറം ജില്ലയിലെ താനൂർ ബി.ആർ.സി.യിലേക്ക് ക്ലസ്റ്റർ കോർഡിനേറ്ററായി പുനർവിന്യസിച്ചു.

പുനർവിന്യസിക്കപ്പെടുന്ന കാലയളവ് വരെയും ഞാൻ യു.പി.എസ്.റ്റി.യുടെ ശമ്പളവും ആനുകൂല്യവുമാണ് കൈപ്പറ്റിയിട്ടുള്ളത്. 25/07/2019 മുതൽ മാത്രമാണ് എച്ച്.എസ്.റ്റി.യുടെ ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റിയിട്ടുള്ളത്. 31/07/2013 മുതൽ എച്ച്.എസ്.റ്റി.യുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിച്ചെങ്കിലും അത് നിരസിക്കുകയുണ്ടായി. 2013-2014 വർഷം മാത്രമേ എന്റെ തസ്തിക നിലനിൽക്കുന്നുള്ളു എന്നാണ് മറുപടി ലഭിച്ചത്.

എന്നാൽ തന്നെ അന്നത്തെ തസ്തികനിർണയം വന്നത് 15/07/2016-ലാണ്. എന്റെ നിയമനാംഗീകാരത്തിൽ ഇത്ര വർഷം എന്ന് നിജപ്പെടുത്തി നൽകിയിട്ടില്ല 'with effect from 31/07/2013' എന്നാണ് നൽകിയിട്ടുള്ളത്. 25/07/2019 ൽ എച്ച്.എസ്.റ്റി. തസ്തികയിൽ പുനർവിന്യസിച്ചതിനാൽ 31/07/2013 മുതൽ പുനർവിന്യസിക്കപ്പെടുന്നതു വരെയും എച്ച്.എസ്.റ്റി.യുടെ ആനുകൂല്യങ്ങളും എനിക്കു ലഭിക്കേണ്ടതാണ്. അല്ലെങ്കിൽ എന്നെ യു.പി.എസ്.റ്റി. ആയി തന്നെ നിലനിർത്തണമായിരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ (നം.ഇ.ടി5/17217/2024/ഡിജിഇ) 31/07/2013 മുതൽ 2016 വരെ ശമ്പളത്തോടുകൂടിയും തുടർന്നു പുനർവിന്യസിക്കപ്പെടുന്ന തീയതി വരെ സാമ്പത്തിക ആനുകൂല്യം ഇല്ലാതെയും മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ പരിഗണിക്കുവാൻ ആറ്റിങ്ങൽ ജില്ലാവിദ്യാസ ഓഫീസറെ ചുമതലപ്പെടുത്തുന്നു എന്ന് പറഞ്ഞിട്ടുണ്ട്.

തസ്തിക നഷ്ടപ്പെട്ട കാലയളവിൽ തന്നെ എന്നെ എച്ച്.എസ്.റ്റി. തസ്തികയിൽ പുനർവിന്യസിക്കേണ്ടതായിരുന്നു. എന്നാൽ എച്ച്.എസ്.റ്റി. തസ്തികയിലെ നിയമനാംഗീകാരം ലഭിക്കുന്നതിന് ആറ് വർഷത്തോളമുള്ള വളരെ നീണ്ട കാലതാമസം നേരിട്ടു. അതിനാലാണ് 31/07/2013 മുതൽ പുനർവിന്യസിക്കപ്പെടുന്നത് വരെ തുടർച്ചയായി എച്ച്.എസ്.റ്റി. തസ്തികയും ആനുകൂല്യങ്ങളും ലഭിക്കാതിരുന്നത്. അതിനാലാണ് ഞാൻ യു.പി.എസ്.റ്റി.യുടെ ശമ്പളവും ആനുകല്യങ്ങളും വാങ്ങി സ്കൂളിൽ തുടർന്നത്.

എന്റേതല്ലാത്ത കാരണത്താലാണ് 31/07/2013 മുതൽ പുനർ വിന്യസിക്കപ്പെടുന്നതുവരെ എച്ച.എസ്.റ്റി. ആനുകൂല്യം ലഭിക്കാത്തത്. ആയതിനാൽ 31/07/2013 മുതൽ പുനർവിന്യാസിക്കപ്പെടുന്നതു വരെ എനിക്കർഹമായ എച്ച്.എസ്.റ്റി. തസ്തിക എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളോടെയും നൽകണമെന്ന് അപേക്ഷിക്കുന്നു."

**3.വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.**

"കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.റ്റി. (മലയാളം) തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.ജയശങ്കർ 01/06/2009 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകനാണ്. ശ്രീ.വിജയകുമാരൻ നായർ 31/05/2013 ൽ വിരമിച്ച ഒഴിവിൽ 31/07/2013 മുതൽ എച്ച്.എസ്.റ്റി. (മലയാളം) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. 2012 മുതലുള്ള തസ്തിക നിർണ്ണയം പൂർത്തിയാക്കിയത് 2016 ലാണ്. 2016 ൽ ടി തസ്തിക നിർണ്ണയം നടക്കുമ്പോൾ ശ്രീ.ജയശങ്കർ

ജി.-യെ നിലനിർത്തുവാനുള്ള എച്ച്.എസ്.റ്റി. (മലയാളം) തസ്തിക വ്യവസ്ഥാപിതമായിരുന്നില്ല. എച്ച്.എസ്.റ്റി. (മലയാളം) തസ്തികയിൽ ടിയാൾക്ക് നിയമനാംഗീകാരം ലഭിക്കാത്തതിനാൽ യു.പി.എസ്.റ്റി. തസ്തികയിലെ ശമ്പളം വാങ്ങി സ്കൂളിൽ തുടർന്നുകൊണ്ടിരുന്നു. പിന്നീട് 26/06/2019-ൽ നിയമനാംഗീകാരം ലഭിച്ചപ്പോൾ ടിയാളെ മലപ്പുറം ജില്ലയിലെ താനൂർ ബി.ആർ.സി-യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി പുനർവിന്യസിച്ചു. തസ്തിക നിർണ്ണയം പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടതിനാലും പുനർവിന്യസിച്ചത് എച്ച്.എസ്.റ്റി. (മലയാളം) തസ്തികയിലായതിനാലും 31/07/2013 മുതൽ 2016 വരെ ശമ്പളത്തോടുകൂടിയും തുടർന്ന് പുനർവിന്യസിക്കപ്പെടുന്ന തീയതി വരെ സാമ്പത്തിക ആനുകൂല്യമില്ലാതെയും എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ നിലനിർത്തുന്നത് പരിഗണിക്കാവുന്നതാണ് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകുകയുണ്ടായി.

എന്നാൽ സർക്കാരിൽ ശ്രീ.ജയശങ്കർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ 2013-14-ൽ Staff Fixation പ്രകാരം എച്ച്.എസ്.റ്റി. (മലയാളം) തസ്തികയിൽ 6 പോസ്റ്റ് ഉണ്ടായിരുന്നു. ആയതിൽ ആറാമത്തെ ആളാണ് ശ്രീ.ജയശങ്കർ. 2014-15-ൽ ഒരു എച്ച്.എസ്.റ്റി. (മലയാളം) പോസ്റ്റ് കുറഞ്ഞതിനാൽ യു.പി.എസ്.റ്റി. യിൽ തുടരാനേ നിർവാഹമുള്ളൂ. ആകയാൽ 31/07/2013 മുതൽ 2016 വരെ എച്ച്.എസ്.റ്റി. തസ്തികയിൽ ശമ്പളം നല്കാൻ കഴിയില്ല എന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സ.ഉ.(പി)നം.29/2016/പൊ.വി.വ തീയതി 29/01/2016 ഉത്തരവ് പ്രകാരം സംരക്ഷണാനുകൂല്യം ഉള്ള അധ്യാപകനാണ് ശ്രീ.ജയശങ്കർ. തസ്തിക നിർണ്ണയം പൂർത്തിയാക്കുവാനും, നിയമനംഗീകാരം ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാലും പുനർവിന്യസിച്ചത് എച്ച്.എസ്.ടി (മലയാളം) തസ്തികയിലായതിനാലും 31/07/2013 മുതൽ 2016 വരെ ശമ്പളത്തോടുകൂടിയും തുടർന്ന് പുനർവിന്യസിക്കപ്പെടുന്ന തീയതി വരെ സാമ്പത്തിക ആനുകൂല്യമില്ലാതെയും എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ നിലനിർത്തുന്നത് സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണ്."

4.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കടയ്ക്കാവൂർ എസ്.എസ്.പി.ബി.എച്ച്.എസ്.എസ്. ൽ ശ്രീ.ജയശങ്കർ 01/06/2009 മുതൽ യു.പി.എസ്.റ്റി.യിൽ നിയമനം ലഭിച്ച് തുടർന്നു വരികയായിരുന്നു. 31/05/2013 ൽ ശ്രീ. വിജയകുമാരൻ നായർ വിരമിച്ച ഒഴിവിൽ 31/07/2013 മുതൽ എച്ച്.എസ്.റ്റി. മലയാളം തസ്തിയിൽ ഇയാൾക്ക് സ്ഥാനക്കയറ്റം നൽകിയെങ്കിലും 31/07/2013 മുതലുള്ള ഈ നിയമനം അംഗീകരിക്കപ്പെട്ടത് 26/06/2019 ലാണ്. 2012 മുതലുള്ള തസ്തിക നിർണയം പൂർത്തീകരിച്ചത് 2016 ലാണ്. 31/07/2013 മുതലുള്ള നിയമനത്തിന് 26/06/2019 ൽ നിയമനാംഗീകാരം ലഭിച്ചപ്പോൾ മലപ്പുറം ജില്ലയിലെ താനൂർ ബി.ആർ.സി.യിൽ ക്ലസ്റ്റർ കോർഡിനേറ്റർ ആയി ഇയാളെ പുനർവിന്യസിച്ചിരുന്നു. പുനർവിന്യസിച്ച തീയതിയായ 25/07/2019 മുതലാണ് എച്ച്.എസ്.റ്റി.യുടെ ശമ്പളം ശ്രീ.ജയശങ്കർ ന് ലഭിച്ചിട്ടുള്ളത്.

5.31/07/2013 മുതലുള്ള തന്റെ നിയമനം അംഗീകരിച്ച ഉത്തരവിൽ ഇത്ര വർഷം എന്ന് നിജപ്പെടുത്തിയിട്ടില്ലെന്നും 25/07/2019-ൽ എച്ച്.എസ്.റ്റി. തസ്തിയിൽ തന്നെ പുനർ വിന്യസിച്ചിട്ടുള്ളതിനാൽ 31/07/2013 മുതൽ പുനർ വിന്യസിക്കുന്നത് വരെയും എച്ച്.എസ്.റ്റി.

യുടെ ആനുകൂല്യങ്ങളും തനിക്ക് ലഭിക്കണമെന്നതാണ് ഹർജിക്കാരന്റെ വാദം.

6.2013-14- ലെ തസ്തിക നിർണ്ണയ പ്രകാരം എച്ച്.എസ്.റ്റി. (മലയാളം) തസ്തികയിൽ 6 തസ്തിക ഉണ്ടായിരുന്നു. ആയതിൽ ആറാമത്തെ ആളാണ് ശ്രീ.ജയശങ്കർ. 2014-15-ൽ ഒരു എച്ച്.എസ്.റ്റി. (മലയാളം) തസ്തിക കുറഞ്ഞു. 29/01/2016-ലെ സ.ഉ.(പി)നം.29/2016/പൊ.വി.വ പ്രകാരം സംരക്ഷണാനുകൂല്യം ഉള്ള അധ്യാപകനാണ് ശ്രീ.ജയശങ്കർ. തസ്തിക നിർണ്ണയം പൂർത്തിയാക്കുവാനും, നിയമനംഗീകാരം ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാലും പുനർവിന്യസിച്ചത് എച്ച്.എസ്.ടി (മലയാളം) തസ്തികയിലായതിനാലും 31/07/2013 മുതൽ 2016 വരെ ശമ്പളത്തോട്ടുകൂടിയും തുടർന്ന് പുനർവിന്യസിക്കപ്പെടുന്ന തീയതി വരെ സാമ്പത്തിക ആനുകൂല്യമില്ലാതെയും എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ നിലനിർത്തുന്നത് സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണ് എന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

7.സ.ഉ.(പി)നം.29/2016/പൊ.വി.വ തീയതി 29/01/2016 ഉത്തരവ് പ്രകാരം സംരക്ഷണാനുകൂല്യം ഉള്ള അധ്യാപകനാണ് ശ്രീ.ജയശങ്കർ എന്നതിനാലും തസ്തിക നിർണ്ണയം പൂർത്തിയാക്കുവാനും, നിയമനംഗീകാരം ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാലും പുനർവിന്യസിച്ചത് എച്ച്.എസ്.ടി (മലയാളം) തസ്തികയിലായതിനാലും 31/07/2013 മുതൽ 2016 വരെ ശമ്പളത്തോട്ടുകൂടിയും തുടർന്ന് പുനർവിന്യസിക്കപ്പെടുന്ന തീയതി വരെ സാമ്പത്തിക ആനുകൂല്യമില്ലാതെയും എച്ച്.എസ്.ടി (മലയാളം) തസ്തികയിൽ നിലനിർത്തി നിയമനാംഗീകാരം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8.മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ.ജയശങ്കർ ജി., എച്ച്.എസ്.റ്റി. (മലയാളം), എസ്.എസ്.പി.ബി. എച്ച്.എസ്.എസ്. കടയ്ക്കാവൂർ, തിരുവനന്തപുരം.
മാനേജർ, എസ്.എസ്.പി.ബി. എച്ച്.എസ്.എസ്. കടയ്ക്കാവൂർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(14.01.2026 ലെ GE-JA3/578/2025-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/124/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 24-02-2026 09:51:04
സെക്ഷൻ ഓഫീസർ